(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകളിലെ ചോർച്ചമൂലം ശുദ്ധജലം പാഴായിപ്പോകുന്നത് ഒഴിവാക്കുവാനും മലിനജലം വിതരണ ശൃംഖലകളിൽ കയറുന്നത് തടയാനും അറ്റകുറ്റപ്പണികൾക്കായി വൻതുക ചെലവാക്കുന്നത് തടയാനും തന്മൂലം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാനുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(സി) ജലവിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി വർഷങ്ങൾക്കുമുമ്പ് കമ്മീഷൻ ചെയ്യപ്പെട്ട നഗര ശുദ്ധജല വിതരണ പദ്ധതികളുടേയും ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടേയും കേടായ പൈപ്പ് ലൈനുകൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, വിതരണ ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 2011 മുതൽ സംസ്ഥാന ബഡ്ജറ്റിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ തുക വകകൊള്ളിച്ചിരിക്കുന്നു.

വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തിയും ത്രിതല പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് വർക്കായും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത്യാവശ്യമായി മാറ്റി സ്ഥാപിക്കേണ്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്. കൂടാതെ നബാർഡ് ഫണ്ട് ഉപയോഗിച്ചും ചില പദ്ധതികളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

ഐരൂർ - പാറക്കടവ് ശുദ്ധജല പദ്ധതി

169 (2449) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിലെ 6.10 കോടി രൂപ അനുവദിച്ചിട്ടുള്ള ഐരൂർ - പാറക്കടവ് ശുദ്ധജല പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും പണി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയിൽ കുടിവെള്ള വിതരണത്തിനായി പൈപ്പ് ലൈൻ രണ്ട് മേഖലകളിലായി (സോൺ-1, സോൺ-2) സ്ഥാപിക്കുന്നതും,

LIBRARY ARCHIVES Kerala Legislative Assembly

110 എച്ച്.പി.-യുടെ പമ്പ് സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു. ഒന്നാംമേഖലയുടെ (സോൺ-1) ടെണ്ടർ "deviation approval" സഹിതം പുനഃസമർപ്പിക്കുന്ന നടപടി ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്നു. രണ്ടാംമേഖലയുടെ (സോൺ-2)ടെണ്ടറിന് 11-2-2016-ൽ അംഗീകാരം നൽകി. അതനുസരിച്ചുള്ള നടപടിക്രമങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നടത്തിവരുന്നു.

(ബി) റോഡ് കട്ടിംഗിന് അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാം മേഖലയിലെ (സോൺ-2) പ്രവൃത്തിക്കുള്ള സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. സെലക്ഷൻ നോട്ടീസ് നൽകിയാൽ, കരാറുകാരൻ 20 ദിവസത്തിനകം കേരള വാട്ടർ അതോറിറ്റിയുമായി ഉടമ്പടിയിൽ ഏർപ്പെട്ട് ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

പൈപ്പ് പോളിസി

170 (2450) ശ്രീ. കെ. അച്ചുതൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പ് പോളിസി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിലും ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധനകൾക്ക് അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly